സംസ്ഥാനത്തെ പിങ്ക് പോലീസിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ പ്രവർത്തനം

91 (91) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിങ്ക് പോലീസിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ പ്രവർത്തനം സ്ത്രീ സൗഹൃദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ക്രമസമാധാന പാലനത്തിന് നിയോഗിക്കപ്പെട്ട ടി വിഭാഗത്തിൽ നിന്ന് ആറ്റിങ്ങലിൽ ദളിതനായ അച്ഛനെയും മകളെയും മോഷണക്കുറ്റമാരോപിച്ച് കൈകാര്യം ചെയ്തതുൾപ്പെടെയുള്ള സംഭവങ്ങൾ അതീവ ഗൗരവമായി കണ്ടിരുന്നോ; എങ്കിൽ എന്തെല്ലാം നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചു; വ്യക്തമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി രൂപീകരിച്ച പിങ്ക് പോലീസ് വളരെ മെച്ചപ്പെട്ട പ്രവർത്തനമാണ് നടത്തിവരുന്നത്. രാവിലെ 8 മുതൽ രാത്രി 8 വരെ സ്ത്രീകൾ കൂടുതലായി എത്തുന്ന പ്രദേശങ്ങളിൽ ജി.പി.ആർ.എസ്. സംവിധാനമുള്ള വാഹനത്തിൽ പിങ്ക് പോലീസ് പട്രോളിംഗ് സജീവമായി നടത്തി വരുന്നുണ്ട്. പിങ്ക് പോലീസ് കൺട്രോൾ റൂമിലെ ഹോട്ട്ലൈൻ സംവിധാനം വഴി അടിയന്തരഘട്ടത്തിൽ സേവനം ലഭ്യമാക്കി വരുന്നുണ്ട്. പിങ്ക് പോലീസ് കൺട്രോൾ റൂമിലെ ഹോട്ട്ലൈൻ സംവിധാനംവഴി സ്ത്രീകൾക്ക് നേരെയുള്ള ഉപദ്രവത്തിന്റെയോ ലൈംഗിക അതിക്രമത്തിന്റെയോ സാധ്യതകൾ തടയുന്നതിനും കൺട്രോൾ റൂമിലെ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് ആവശ്യമുള്ള മേഖലയിലേയ്ക്ക് കാലതാമസം കൂടാതെ പിങ്ക് പോലീസിനെ വിന്യസിക്കുന്നതിന് സാധിക്കുന്നുമുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി പൊതുസ്ഥലങ്ങളായ ബസ്സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, പാർക്കുകൾ, സ്കൂൾ-കോളേജ് പരിസരങ്ങൾ എന്നിവിടങ്ങളിൽ പ്രധാനമായും പട്രോളിംഗ് നടത്തി സ്ത്രീകൾക്ക് നിർഭയമായി സഞ്ചരിക്കുവാനുള്ള അന്തരീക്ഷം ഒരുക്കികൊടുക്കുന്നതിൽ പിങ്ക് പോലീസ് സംവിധാനം സഹായകരമായി തീർന്നിട്ടുണ്ട്. ആറ്റിങ്ങലിൽ ദളിതനായ അച്ഛനെയും മകളെയും മോഷണക്കുറ്റം ചുമത്തി കൈകാര്യം ചെയ്ത സംഭവം വളരെ ഗൗരവമായി കണ്ടിട്ടുള്ളതും ഇതിൽ ആരോപണ വിധേയയായ ആറ്റിങ്ങൽ പിങ്ക് പട്രോൾ വാഹനത്തിലെ ഡ്രൈവർ ഡ്യൂട്ടി നോക്കിയിരുന്ന ഉദ്യോഗസ്ഥയെ കൊല്ലം സിറ്റി പോലീസ് യൂണിറ്റിലേയ്ക്ക് സ്ഥലംമാറ്റിയിട്ടുള്ളതും രണ്ടാഴ്ചത്തെ Behaviour Improvement Training നൽകുന്നതുൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) പിങ്ക് പോലീസിലേയ്ക്കുള്ള നിയമനത്തിൽ ചില അംഗങ്ങൾക്കുമാത്രം തുടർച്ചയായി നിയമനം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമീപനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ തയ്യാറാകുമോ; ജനങ്ങളോടുള്ള സമീപനത്തിൽ നിയമപരമല്ലാത്ത അമിതാധികാര ഇടപെടലുകൾ ഉണ്ടാകാതിരിക്കാൻ പിങ്ക് പോലീസ് സേനാംഗങ്ങൾക്ക് തുടർച്ചയായ നിയമനമെന്നതിൽ മാറ്റം ഉണ്ടാക്കുമോ?

പിങ്ക് പോലീസിൽ ചില അംഗങ്ങൾക്ക് മാത്രം തുടർച്ചയായി നിയമനം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പിങ്ക് പോലീസ് ഡ്യൂട്ടിക്ക് താൽപ്പര്യമുള്ള വനിതാ സേനാംഗങ്ങളുടെ താൽപ്പര്യപത്രം വാങ്ങി കാലാകാലങ്ങളിൽ മാറ്റി നിയമിച്ചുവരുന്നു.

(സി) അടുത്തിടെയായി ഇത്തരക്കാർ നിയമം കയ്യിലെടുക്കുന്നതുമൂലം കുറ്റകൃത്യം ചെയ്യുന്നവരുടെ സ്ഥാനത്തേക്ക് എത്തിപ്പെടുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ ആവശ്യമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുമോ; ഇല്ലെങ്കിൽ ടി സേനയുടെ നിരീക്ഷണത്തിന് ആവശ്യമായ സംവിധാനമേർപ്പെടുത്തുമോ?

ഇത്തരം ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പിങ്ക് പോലീസിന്റെ പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിച്ചുവരികയും സുതാര്യമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്.

പോലീസിന്റെ യൂണിഫോമും ചിഹ്നങ്ങളും മറ്റിതരസ്ഥാപനങ്ങൾ ഉപയോഗിക്കുന്നത് തടയൽ

92 (92) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിന്റെ യൂണിഫോമും ആയതിലുപയോഗിക്കുന്ന ചിഹ്നങ്ങളും മറ്റിതരവകുപ്പുകളും സ്ഥാപനങ്ങളും പല രീതിയിൽ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പോലീസ് യൂണിഫോമും ചിഹ്നങ്ങളും മറ്റിതര വിഭാഗങ്ങൾ ഉപയോഗിക്കുന്നത് തടയുവാനും ഓരോ വകുപ്പിനും സ്ഥാപനങ്ങൾക്കും സ്വകാര്യ സെക്യൂരിറ്റി വിഭാഗങ്ങൾക്കും പ്രത്യേകം യൂണിഫോം നിഷ്കർഷിക്കുവാനും എന്തുനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) പോലീസ് യൂണിഫോമും ചിഹ്നങ്ങളും മറ്റിതര വകുപ്പുകളും സ്വകാര്യ സെക്യൂരിറ്റി ഏജൻസികളും ഉപയോഗിക്കാൻ പാടുള്ളതല്ല. ഇത്തരം നടപടിക്രമങ്ങൾ അനുവർത്തിക്കുന്നപക്ഷം ആയത് ശിക്ഷാർഹമാണ്. മറ്റിതര വകുപ്പുകൾ പോലീസ് യൂണിഫോം ധരിക്കുന്നതിനെതിരെ നിരവധി പരാതികൾ